**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുവാൻ നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; | (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല. |
| (സി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുമ്പ് നടത്തിയിരുന്ന മൊബൈൽ ലൈബ്രറി സേവനം പുനസ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (സി) | ഡിജിറ്റൽ റീഡിങ്, ഇ-ലേണിങ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ നിലവിലുള്ളതിനാൽ മൊബൈൽ ലൈബ്രറി സേവനം പുനഃസ്ഥാപിക്കാൻ നിലവിൽ ആലോചനയില്ല. ഇ-റീഡിങിൽ വായനാസമൂഹം മാറുകയും പുസ്തകങ്ങൾ ധാരാളം ലഭ്യമാവുകയും ചെയ്ത സാഹചര്യത്തിൽ ആണ് മൊബൈൽ ലൈബ്രറി നിർത്തലാക്കിയത്. |
| (ഡി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ